6. അയിക്കുന്ന്	-	52360
7. നുത്തിക്കുന്ന്	-	30000
8. വളരാട്ടുക്കുന്ന്	-	155480
9. തെക്കേക്കുന്നത്തുപറമ്പത്ത്	-	65000
10. വളയനം കണ്ടിമിത്തൽ	-	45500
11. എടോളീമിത്തൽ	-	31055
12. എടപ്പുറത്ത് മിത്തൽ	-	62955
13. കുണ്ടുമ്മൽ	-	128130
14. പുല്ലപ്രമല	-	39355
15. പറയരുകുന്ന്	-	14998
16. പീടംപാറ	-	91450
17. മിച്ചിലാടികുടിവെള്ള പദ്ധതി	-	47500
18. പെരിങ്ങലോറ മല	-	7,30.000
19. കപ്രത്ത്കുന്ന്	-	7,81200
20. പുലാറമ്മേൽ	-	36,075
21. പാംപത്ത് കാവ്	-	46.300
22. കുഴിപ്പാറനിലം	-	3,45,950
23. ആച്ചുപൊയൽ	-	27.240
24. കാഞ്ഞിരോട്ടുകുന്ന്	-	41,460
25. അറക്കും പാറമല	-	37,830
26. മഞ്ഞളാം പൊയിൽ	-	83,980
27. മാംപറ്റമല	-	36,980
28. വെട്ടിക്കുന്ന്	-	2,38,450

(സി) ഒ.വൈ.ഇ.സി. അടച്ച കണക്ഷനുകൾ മോട്ടോർഫിറ്റ് ചെയ്ത് പൂർത്തീകരണ റിപ്പോർട്ട് സമർപ്പിക്കുന്ന മുറക്കും, പീപ്പിൾസ് പാർട്ടിസിപ്പേഷൻ പ്രോഗ്രാം സ്കീമിലുള്ളവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പോസ്റ്റ് നാട്ടിതരുന്ന മുറയ്ക്കും, സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ ചെയ്തു തീർക്കുന്നതാണ്.

(ഡി) പ്രത്യേക പരിഗണന നൽകിവരുന്നുണ്ട്.

ട്രൈബൽ കോളനിയിലെ വൈദ്യുതീകരണ പ്രവർത്തികൾ

113 (3514)ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യാവൂർ പഞ്ചായത്തിലെ ചിത്തപ്പാറ ട്രൈബൽ കോളനിയിലെ വൈദ്യുതീകരണ പ്രവർത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവിടത്തെ വൈദ്യുതീകരണ പ്രവർത്തി എന്നാണ് ടെണ്ടർ വിളിച്ചതെന്നും, ഏതു പദ്ധതിയനുസരിച്ചാണ് ടെൻഡർ വിളിച്ചതെന്നും വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ പണി നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചിത്തപ്പാറ ട്രൈബൽ കോളനി വൈദ്യുതീകരണത്തിനായി പണി തുടങ്ങി. ഇതിന്റെ ഭാഗമായി 11 കെ.വി. പോസ്റ്റുകളും 30 എൽ.റ്റി. പോസ്റ്റുകളും സ്ഥാപിച്ചു കഴിഞ്ഞു. പണി ഇപ്പോൾ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

(ബി) 7.8.98-ൽ ടെൻഡർ വിളിച്ച് കോൺട്രാക്ട് എഗ്രിമെന്റ് ഒപ്പുവച്ചു. ട്രൈബൽ കോളനി വൈദ്യുതീകരണ പദ്ധതി അനുസരിച്ച് 1.10.97-ൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ അപ്രൂവൽ കിട്ടിയതിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടർ വിളിച്ചത്.

(സി)ആന്റ്(ഡി) 1999-2000-ൽ ട്രൈബൽ കോളനി വൈദ്യുതീകരണത്തിന് കണ്ണൂർ ജില്ലയ്ക്ക് ഫണ്ട് ഇല്ലാത്തതിനാലാണ് പണി നിർത്തിവച്ചത്.

കാലപ്പഴക്കം ചെന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

114 (3515)ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം കഠിനംകുളം ഗ്രാമപഞ്ചായത്തിലെ ഫാത്തിമാപുരത്ത് സെയിന്റ് ആൻഡ്രൂസ് പ്രിയദർശിനി റോഡരികിൽ മത്സ്യ തൊഴിലാളികളുടെ കുടിലിന് മുകളിലൂടെയുള്ള വൈദ്യുതി വിതരണ ലൈനുകൾ കാലപ്പഴക്കം കൊണ്ടും അറ്റകുറ്റ പണികളുടെ അഭാവത്താലും ഇടയ്ക്കിടക്ക് പൊട്ടി വീഴുകയും കുടിലുകൾക്ക് തീപിടിക്കുകയും ചെയ്യുന്ന സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ;

(സി) തീപിടിത്തംമൂലം ഭവനരഹിതരായവർക്ക് നഷ്ട പരിഹാരം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly